Code No. 56

# HIGHER SECONDARY

## FIRST TERMINAL SECOND YEAR EXAMINATIONS 2018-19

### Part III

## ACCOUNTANCY WITH COMPUTERISED ACCOUNTING

*Maximum : 60 Scores*
*Time : 2 Hours*
*Cool -off time : 15 Minutes*

HSE II

***General Instructions to Candidates:***

- There is a 'Cool off time' of 15 minutes in addition to the writing time.
- Use the 'Cool off time' to get familiar with questions and to plan your answers,
- Read the instructions carefully.
- Read questions carefully before answering.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programable calculators are not allowed in the examination hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ:***

- നിർദ്ദിഷ്ട സമയത്തിന് പുറമേ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവൻ ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## PART A - ACCOUNTING

**Answer all the questions from 1 to 4 each question carries 1 score**

1. Which among the following is the summary of Cash Book?

   (a) Profit and Loss A/c
   (b) Receipts and Payments A/c
   (c) Income and Expenditure A/c
   (d) Balance Sheet

2. All the revenue items relating to the current period are shown in this account. Identify the account prepared by Not for Profit Organisations.

3. Under fixed capital method, the interest on capital is :

   (a) Credited to Capital Account
   (b) Debited to Capital Account
   (c) Credited to Current Account
   (d) Debited to Current Account

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക ഓരോന്നിനും 1 സ്കോർ വീതം**

1. താഴെപ്പറയുന്നവയിൽ പണപുസ്തകത്തിന്റെ സംക്ഷിപ്തം ഏതാണ്?

   (a) ലാഭ-നഷ്ട അക്കൗണ്ട്
   (b) പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ട്
   (c) വരവ്-ചെലവ് അക്കൗണ്ട്
   (d) ബാക്കിപത്രം

2. തനത് വർഷത്തെ എല്ലാ റവന്യൂ ഇനങ്ങളും കാണിക്കുന്നത് ഈ അക്കൗണ്ടിലാണ്. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾ തയാറാക്കുന്ന ഈ അക്കൗണ്ട് തിരിച്ചറിയുക.

3. സ്ഥിര മൂലധന രീതിയനുസരിച്ച്, മൂലധനത്തിനുള്ള പലിശ ................ ചെയ്യുന്നു.

   (a) ക്യാപ്പിറ്റൽ അക്കൗണ്ടിൽ ക്രെഡിറ്റ്
   (b) ക്യാപ്പിറ്റൽ അക്കൗണ്ടിൽ ഡെബിറ്റ്
   (c) കറണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ്
   (d) കറണ്ട് അക്കൗണ്ടിൽ ഡെബിറ്റ്

4. Which among the following statement is not correct?

(a) Donations for specific purposes are always capitalised

(b) Opening balance sheet is prepared when the opening balance of capital fund is not given.

(c) Surplus of Income and Expenditure Account is deducted from the Capital/ General fund.

(d) Receipt and Payment Account does not differentiate between Capital and Revenue item.

*(5x1 = 5)*

**Answer any 3 questions from 5 to 8. Each question carries 2 score.**

5. During the year 2017 a Star Arts Club received Rs.50,000 as entrance fees.

   As per the accounting policy of the club 40% of the entrance fees is to be capitalised. How will you deal with entrance fees received by the club?

6. Gireesh, Pradeep and Shiju are partners sharing profits in the ratio 5:3:2. According to the partnership agreement, Shiju is get a minimum amount of Rs.12,000 as his share of profits every year. The net profit for the year ended 31st March, 2018 amounted to Rs. 52,000. Prepare the Profit and Loss Appropriation Account.

7. Write any two salient features of the Receipts and Payment Account.

8. How will you treat the following items in the Final Accounts of a Not for Profit Organisation?

   (a) Legacy
   (b) Sale of old newspapers and magazines

*(3x2 = 6)*

**Answer 3 questions from 9 to 12. Each question carries 3 score**

9. Meera, Rekha and Deepika are partners in Thripti Hotel. There is no Partnership Deed in the firm.

4. താഴെപറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത്?

(a) പ്രത്യേക ആവശ്യങ്ങൾക്കായി കിട്ടുന്ന സംഭാവന എല്ലായ്പ്പോഴും മൂലധനവല്ക്കരിക്കേണ്ടതാണ്.

(b) വർഷാരംഭം മൂലധനനിധി തന്നിട്ടില്ലാത്തപ്പോഴാണ് വർഷാരംഭ ബാക്കിപത്രം തയാറാക്കുന്നത്.

(c) വരവ്-ചെലവ് അക്കൗണ്ടിലെ മിച്ചം മൂലധനനിധിയിൽനിന്നോ പൊതുനിധിയിൽ നിന്നോ കുറയ്ക്കുന്നു.

(d) പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ടിൽ ഇനങ്ങളെ മൂലധന ഇനങ്ങളെന്നും റവന്യു ഇനങ്ങളെന്നും തരംതിരിക്കാറില്ല.

*(5x1 = 5)*

**5 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക ഓരോന്നിനും 2 സ്കോർ വീതം**

5. സ്റ്റാർ ആർട്സ് ക്ലബ്ബിന് 2017 ൽ പ്രവേശന ഫീസായി 50,000 രൂപ കിട്ടി. അക്കൗണ്ടിംഗ് നയമനുസരിച്ച് പ്രവേശന ഫീസിന്റെ 40% മൂലധനവല്ക്കരിക്കേണ്ടതാണ്. ഈ തുകയുടെ രേഖപ്പെടുത്തൽ എങ്ങനെയായിരിക്കുമെന്ന് പ്രസ്താവിക്കുക.

6. ഗിരീഷ്, പ്രദീപ്, ഷിജു എന്നീ പാർട്ണർമാർ ലാഭവും നഷ്ടവും വീതിക്കുന്നത് 5:3:2 എന്ന അനുപാതത്തിലാണ്. പങ്കാളിത്ത പ്രമാണ പ്രകാരം ഷിജുവിന് ഓരോ വർഷവും കുറഞ്ഞത് 12,000 രൂപ വീതം ലാഭവിഹിതമായി നൽകേണ്ടതാണ്. 2018 മാർച്ച് 31 ലെ വർഷാന്ത്യത്തിൽ 52,000 രൂപ ലാഭമുണ്ട്. ലാഭ-നഷ്ട പങ്കുവയ്ക്കൽ അക്കൗണ്ട് തയാറാക്കുക.

7. പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ടിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

8. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളുടെ വർഷാന്ത്യ കണക്കുകളിൽ താഴെപ്പറയുന്ന ഇനങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും?

   (a) മരണശാസനദാനം (ലെഗസി)
   (b) പഴയ പത്ര-മാസികകളുടെ വില്പന

*(3x2 = 6)*

**9 മുതൽ 12 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ഓരോന്നിനും 3 സ്കോർ വീതം**

9. രേഖ, മീര, ദീപിക എന്നിവർ തൃപ്തി ഹോട്ടലിലെ പങ്കാളികളാണ്. സ്ഥാപനത്തിന് ഒരു പങ്കാളിത്ത പ്രമാണമില്ല.

a) Deepika, an active partner claims Rs.3,000 per month towards salary.

(b) Rekha claims 10% interest on loan provided by her

(c) Meera argues to share the profits in the ratio of their capitals.

Examine whether the arguments raised by the partners should be admitted with reference to the provisions of the Indian Partnership Act, 1932.

10. Arunkumar is partner in a firm who draws 4,000 each every month from the firm for which interest is charged at 8% per annum. Find the amount of interest on drawings assuming that he draws the amount on the :

(a) First day of every month
(b) Last day of every month and
(c) Fifteenth day of every month

11. Write any three differences between Receipts and Payments Account and Income and Expenditure Account.

12. Show how the Tournament Fund appears in the Financial Statements of Brothers Sports Club.

(a) Tournament Fund as on 31/03/2018 - Rs.50,000.

(b) Donations to Tournament Fund-Rs.40,000.

(c) Tournament Fund Investment (annual interest rate 10%) as on 31/03/2018 - Rs.80,000.

(d) Tournament expenses - Rs.30,000.

(e) Awards and Prizes to winners-Rs.20,000.

*(4x3 = 12)*

**Answer all questions from 13 to 14. Each question carries 4 score**

13. As per Receipts and Payments Account of Sahrudaya Library for the year ended on March 31, 2018, the subscriptions received were Rs.1,35,000. Additional information given is as follows:

(a) Subscriptions outstanding on 01/04/2017 Rs.20,000.

(a) സജീവ പങ്കാളിയായ ദീപിക പ്രതിമാസം 3,000 രൂപ ശമ്പളം ആവശ്യപ്പെടുന്നു.

(b) രേഖ തന്റെ വായ്പയ്ക്ക് 10% പലിശ ആവശ്യപ്പെടുന്നു.

(c) മുടക്കുമുതലിന്റെ അനുപാതത്തിൽ ലാഭം വീതിക്കണമെന്ന് മീര വാദിക്കുന്നു.

1932 ലെ പങ്കാളിത്ത നിയമത്തിലെ നിബന്ധനകളനുസരിച്ച് ഇവരുടെ ആവശ്യങ്ങൾ അംഗീകരിക്കാനാവുമോ എന്ന് പരിശോധിക്കുക.

10. ഒരു സ്ഥാപനത്തിലെ പങ്കാളി ആയ അരുൺ കുമാർ എല്ലാമാസവും 4,000 രൂപ വീതം പിൻവലിക്കുന്നു. ഈ തുകയ്ക്ക് 8% പലിശ ഈടാക്കണം. അയാൾ പണം പിൻവലിച്ചത് താഴെപറയുന്ന സന്ദർഭങ്ങളിൽ ആണെങ്കിൽ പിൻവലിച്ച തുകയുടെ പലിശ കണക്കാക്കുക.

(a) എല്ലാ മാസത്തിന്റെയും ആദ്യ ദിനത്തിൽ
(b) എല്ലാ മാസത്തിന്റെയും അവസാന ദിനത്തിൽ
(c) എല്ലാ മാസവും പതിനഞ്ചാം തീയതി

11. പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ടും വരവ്-ചെലവ് അക്കൗണ്ടും തമ്മിലുള്ള മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

12. ബ്രദേഴ്സ് സ്പോർട്സ് ക്ലബിന്റെ സാമ്പത്തിക രേഖകളിൽ ടൂർണമെന്റ് ഫണ്ട് എങ്ങനെ ദൃശ്യമാകുമെന്ന് കാണിക്കുക.

(a) 31/03/2018-ലെ ടൂർണമെന്റ് ഫണ്ട് - 50,000 രൂപ

(b) ടൂർണമെന്റ് ഫണ്ടിലേക്ക് കിട്ടിയ സംഭാവന - 40,000 രൂപ

(c) 31/03/2018 ലെ ടൂർണമെന്റ് ഫണ്ട് നിക്ഷേപം (വാർഷിക പലിശ നിരക്ക് 10%)- 80,000 രൂപ

(d) ടൂർണമെന്റ് ചെലവുകൾ - 30,000 രൂപ

(e) അവാർഡുകളും സമ്മാനങ്ങളും- 20,000 രൂപ

*(4x3 = 12)*

**13 മുതൽ 14 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക ഓരോന്നിനും 4 സ്കോർ വീതം**

13. സഹൃദയ ഗ്രന്ഥശാലയുടെ 2018 മാർച്ച് 31 ലെ വർഷാന്ത്യപണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ട് പ്രകാരം മാസവരി ഇനത്തിൽ 1,35,000 രൂപ കിട്ടിയിട്ടുണ്ട്. അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(a) 01/04/2017 ൽ കിട്ടാനുണ്ടായിരുന്ന മാസവരി 20,000 രൂപ

(b) Subscriptions received in advance as on 01/04/2017 Rs.12,000.

(c) Subscriptions outstanding on 31/03/2018 Rs.14,000.

(d) Subscriptions received in advance as on 31/03/2018 Rs.8,000.

Ascertain the amount of subscriptions to be shown in Income and Expenditure Account for the year 2017-18.

14. David and Kesav are partners in a firm sharing profits and losses in the ratio of 2:1. Their capital were Rs.1,50,000 and Rs.1,00,000. The profit during the year were Rs.60,000. According to Partnership Deed, both partners are allowed salary Rs.1,500 per month to David and Rs.1,000 per month to Kesav. Interest allowed on capital @8% p.a. The drawings at the end of the period were Rs.10,000 for David and Rs.8,000 for Kesav. Interest on drawings David Rs.600 and Kesav Rs.400. Prepare partners' capital accounts, assuming that the capital accounts are fluctuating.

*(2x4 = 8)*

**Answer any one question from 15 to 16 which carries 5 score**

15. Aparna and Sameera are partners sharing profit in the ratio of 3:2 with capitals of Rs.80,000 and Rs.50,000 respectively. Interest on capital is agreed @ 6% p.a. Sameera is to be allowed an annual salary of Rs.12,000. During the year 2017-18, the profits prior to the calculation of interest on capital but after charging Sameera's salary amounted to Rs.18,000. Aparna is eligible for a commission of 5% of the profit before charging Sameera's salary. Drawing during the year were Aparna Rs.6,000, and Sameera Rs.3,000. Charge interest @ 8% on interest on drawings for the whole year. Prepare Profit and Loss Appropriation Account showing the distribution of profit for the year ending March 31, 2018

(b) 01/04/2017 ൽ മുൻകൂറായി കിട്ടിയ മാസവരി 12,000 രൂപ

(c) 31/03/2018 ൽ കിട്ടാനുള്ള മാസവരി 14,000 രൂപ

(d) 31/03/2018 ൽ മുൻകൂറായി കിട്ടിയ മാസവരി 8,000 രൂപ

2017-18 വർഷത്തെ വരവ്-ചെലവ് അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ട മാസവരി തുക കണക്കാക്കുക.

14. ഡേവിഡ്, കേശവ് എന്നിവർ 2 : 1 എന്ന അനുപാതത്തിൽ ലാഭം പങ്കുവയ്ക്കുന്നു. അവരുടെ മൂലധനം യഥാക്രമം 1,50,000 രൂപയും 1,00,000 രൂപയുമാണ്. തനത് വർഷത്തെ ലാഭം 60,000 രൂപ. പങ്കാളിത്ത പ്രമാണ പ്രകാരം ഡേവിഡിന് പ്രതിമാസം 1,500 രൂപയും കേശവിന് പ്രതിമാസം 1,000 രൂപയും ശമ്പളം അനുവദിക്കും. മൂലധനത്തിന് 8% പലിശ അനുവദിക്കും തനത് വർഷത്തെ ഡ്രോയിംഗ്സ് ഡേവിഡ് 10,000 രൂപയും കേശവ് 8,000 രൂപയും ആയിരുന്നു. അതിന് ഡേവിഡിൽ നിന്ന് 600 രൂപയും കേശവിൽ നിന്ന് 400 രൂപയും പലിശ ഈടാക്കണം. അസ്ഥിര മൂലധന രീതിയനുസരിച്ച് പങ്കാളികളുടെ മൂലധന അക്കൗണ്ടുകൾ തയാറാക്കുക.

*(2x4 = 8)*

**15 മുതൽ 16 വരെയുള്ള ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. 5 സ്കോർ**

15. അപർണ്ണയും സമീറയും 3:2 എന്ന അനുപാതത്തിൽ ലാഭം വീതിക്കുന്ന പങ്കാളികളാണ്. അവരുടെ മൂലധനം യഥാക്രമം 80,000 രൂപയും 50,000 രൂപയുമാണ്. മൂലധനത്തിന് പ്രതിവർഷം 6% നിരക്കിൽ പലിശ കണക്കാക്കണം. സമീറയ്ക്ക് 12,000 രൂപ വാർഷിക ശമ്പളം അനുവദിക്കണം. 2017-18 കാലഘട്ടത്തിൽ മൂലധനത്തിന്റെ പലിശ കണക്കാക്കുന്നതിനുമുമ്പും എന്നാൽ സമീറയുടെ ശമ്പളത്തിനുശേഷം 18,000 രൂപ ലാഭം കിട്ടി. സമീറയുടെ ശമ്പളം കൊടുക്കുന്നതിന് മുമ്പുള്ള ലാഭത്തിന്റെ 5% അപർണയ്ക്ക് കമ്മീഷനായി നൽകണം. ആ വർഷം അപർണ 6,000 രൂപയും, സമീറ 3,000 രൂപയും പിൻവലിച്ചു. ഈ തുകയ്ക്ക് 8% പലിശ ഈടാക്കണം. 2018 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തെ ലാഭ-നഷ്ട വീതിക്കൽ അക്കൗണ്ട് തയാറാക്കുക.

16. Extract of a Receipts and Payments Account for the year ended on March 31, 2017 is given below:

Payments : Stationery Rs.45,000

**Aditional Information:**

| *Details* | *April 1, 2016 Rs.* | *March 31, 2017 Rs.* |
|---|---|---|
| Stock of Stationery | 14,000 | 11,000 |
| Creditors for Stationery | 7,500 | 5,500 |

Find out the amount of Stationery consumed during 2016-17 to be taken to the Income and Expenditure Account.

(1x5 = 5)

**Answer question 17 which carries 8 score**

17. Following is the Receipts and Payments Account of Winners Sports Club. Prepare Income and Expenditure Account for the year ended 31st March, 2018 and Balance Sheet as on that date.

**Receipts and Payments Account**

| *Receipts* | *Amount* | *Payments* | *Amount* |
|---|---|---|---|
| Balance b/d | 7,000 | Salary | 11,000 |
| Subscriptions | 30,000 | Office Expenses | 5,600 |
| Life membership fee | 3,000 | Printing & Stationery | 2,400 |
| Entrance fee | 3,250 | Tournament expenses | 13,500 |
| Tournament fund | 15,000 | Furniture purchased | 12,000 |
| Sale of old paper | 750 | Cash in Hand | 8,500 |
| Legacy | 16,000 | Cash at bank | 22,000 |
| | **75,000** | | **75,000** |

**Other Information:**

(a) On 1st April 2017, club has Building Rs.76,000, Furniture Rs.15,000 and Sports equipments Rs.13,500.

(b) Salary outstanding on 31st March 2018 is Rs.1,000.

(c) Subscription outstanding on 31st March 2017 amounting to Rs.3,200.

(d) Depreciation is to be charged @10% on Furniture (including purchase)

*(1x8 = 8)*

16. 2017 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തെ പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ടിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു. സ്റ്റേഷനറി ഇനത്തിൽ കൊടുത്തത് - 45,000 രൂപ

**അധിക വിവരം:**

| *വിശദാംശങ്ങൾ* | *ഏപ്രിൽ 1, 2016 രൂപ* | *മാർച്ച് 31, 2017 രൂപ* |
|---|---|---|
| സ്റ്റേഷനറി നീക്കിയിരിപ്പ് | 14,000 | 11,000 |
| സ്റ്റേഷനറിയുടെ പണം കൊടുക്കാനുള്ളത് (ക്രെഡിറ്റർമാർ) | 7,500 | 5,500 |

2016-17 വർഷത്തെ വരവ്-ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ട സ്റ്റേഷനറി ഉപയോഗത്തിന്റെ തുക കണ്ടെത്തുക.

(1x5 = 5)

**17-ാം ചോദ്യത്തിന് ഉത്തരമെഴുതുക. 8 സ്കോർ.**

17. വിന്നേഴ്സ് സ്പോർട്സ് ക്ലബിന്റെ പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ട് താഴെ കൊടുത്തിരിക്കുന്നു. 2018 മാർച്ച് 31 ലെ വരവ്-ചെലവ് അക്കൗണ്ടും ബാക്കിപത്രവും തയാറാക്കുക.

**പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ട്**

| *കിട്ടിയത്* | *തുക* | *കൊടുത്തത്* | *തുക* |
|---|---|---|---|
| ബാലൻസ് b/d | 7,000 | ശമ്പളം | 11,000 |
| വരി സംഖ്യ | 30,000 | ഓഫീസ് ചെലവുകൾ | 5,600 |
| ആജീവനാന്ത അംഗത്വ ഫീസ് | 3,000 | അച്ചടിയും സ്റ്റേഷനറിയും | 2,400 |
| പ്രവേശന ഫീസ് | 3,250 | ടൂർണമെന്റ് ചെലവുകൾ | 13,500 |
| ടൂർണമെന്റ് ഫണ്ട് | 15,000 | ഫർണിച്ചർ വാങ്ങിയത് | 12,000 |
| പഴയ ദിനപത്രത്തിന്റെ വില്പന | 750 | കയ്യിലുള്ള പണം | 8,500 |
| ലെഗസി | 16,000 | ബാങ്കിലുള്ള പണം | 22,000 |
| | **75,000** | | **75,000** |

**മറ്റു വിവരങ്ങൾ:**

(a) 2017 ഏപ്രിൽ 1 ന് ക്ലബിന്, കെട്ടിടം 76,000 രൂപ, ഫർണിച്ചർ 15,000 രൂപ, സ്പോർട്സ് ഉപകരണങ്ങൾ 13,500 രൂപ എന്നിവയുണ്ട്.

(b) 2018 മാർച്ച് 31 ന് ശമ്പളം കൊടുക്കാനുള്ളത് 1,000 രൂപ

(c) 2017 ഏപ്രിൽ 1 ന് മാസവരി കിട്ടാനുള്ളത് 3,200 രൂപ

(d) ഫർണിച്ചറിന് @10% (വാങ്ങൽ ഉൾപ്പെടെയുള്ള) തേയ്മാനം കണക്കാക്കണം.

*(1x8 = 8)*

## PART B - COMPUTERISED ACCOUNTING

**Answer all questions from 1 to 3. Each question carries 1 score**

1. The security feature in CAS, which enables to know who and what changes are made in the original accounting data is:

   (a) Password (b) Data audit

   (b) Data Vault (c) Encryption

2. The codes used by Indian Railways to denote some railway stations are given below:

   Thiruvananthapuram - TVC

   Kollam - QLM Kottayam - KTYM

   Kannur - CAN

   Name the coding system used by them.

3. In a formula the cell reference is given as '$A$5'. This cell reference is:

   (a) Absolute (b) Relative

   (b) Mixed (c) All of these

*(1x1 = 3)*

**Answer any 3 questions from 4 to 7. Each question carries 2 score**

4. List out any four essential components of Computerised Accounting System.

5. Name the sub-systems in Accounting Information System related with the following

   (a) Dealing with payment of salary to employees.

   (b) Dealing with preparation of Profit and Loss Account and Balance Sheet.

6. Give the cell address of the following in a Worksheet of the Spreadsheet software.

   (a) First cell in a Spreadsheet

   (b) Cell forming 7th column and 5th row

**താഴെപറയുന്ന 1 മുതൽ 3 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം**

1. കമ്പ്യൂട്ടറധിഷ്ഠിത അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ അക്കൗണ്ടിംഗ് ഡേറ്റയിൽ ആര്, എന്ത് തിരുത്തലുകൾ വരുത്തിയെന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന സുരക്ഷാ സംവിധാനം ഏത്?

   (a) പാസ്സ്‌വേഡ് (b) ഡാറ്റാ ഓഡിറ്റ്

   (c) ഡാറ്റാ വോൾട്ട് (d) എൻക്രിപ്ഷൻ

2. ഇന്ത്യൻ റെയിൽവേ, റെയിൽവേ സ്റ്റേഷനുകളെ സൂചിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന കോഡിംഗ് രീതി താഴെ കൊടുക്കുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന കോഡിംഗ് രീതിയേത്?

   തിരുവനന്തപുരം - TVC കൊല്ലം - QLM

   കോട്ടയം - KTYM കണ്ണൂർ - CAN

3. ഒരു ഫോർമുല സെല്ലിൽ '$A$5' എന്ന് രേഖപ്പെടുത്തുന്ന സെൽ റെഫറൻസ് രീതി ഏത്?

   (a) അബ്സല്യൂട്ട് (b) റിലേറ്റീവ്

   (c) സംയുക്ത (d) ഇവയെല്ലാം

*(1x1 = 3)*

**4 മുതൽ 7 വരെ ചോദ്യങ്ങളിൽ 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം**

4. കംപ്യൂട്ടറധിഷ്ഠിത അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ അത്യാവശ്യമായ ഏതെങ്കിലും നാല് അനിവാര്യ ഘടകങ്ങൾ പട്ടികപ്പെടുത്തുക.

5. അക്കൗണ്ടിംഗ് വിവര വിനിമയ സംവിധാനത്തിൽ താഴെപറയുന്നവയുമായി ബന്ധപ്പെട്ട ഉപ സംവിധാനത്തിന്റെ പേര് പറയുക.

   (a) തൊഴിലാളികളുടെ വേതനവുമായി ബന്ധപ്പെട്ടത്

   (b) ലാഭ-നഷ്ടക്കണക്കിന്റെയും ബാക്കിപത്രത്തിന്റെയും തയാറാക്കലുമായി ബന്ധപ്പെട്ടത്.

6. സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്‌വെയറിൽ ഒരു വർക്ക് ഷീറ്റിലെ താഴെപറയുന്ന സെല്ലുകളുടെ അഡ്രസ് പറയുക.

   (a) വർക്ക് ഷീറ്റിലെ ആദ്യ സെൽ

   (b) വർക്ക് ഷീറ്റിലെ അഞ്ചാമത്തെ റോയും ഏഴാമത്തെ കോളവും ചേരുന്ന സെൽ

7. Name the Spreadsheet functions used for the following purposes:

(a) Find the number of cells with no data.

(b) Combine two or more text items in different cells

*(3x2 = 6)*

7. താഴെപറയുന്ന ആവശ്യങ്ങൾക്കുള്ള സ്പ്രെഡ്ഷീറ്റ് ഫംങ്ഷനുകളുടെ പേര് പറയുക.

(a) ഡേറ്റ ഇല്ലാത്ത സെല്ലുകളുടെ എണ്ണം കണ്ടെത്തുന്നതിനുള്ള ഫംങ്ഷൻ.

(b) രണ്ടോ അതിൽ കൂടുതലോ ടെക്സ്റ്റ് ഇനങ്ങൾ യോജിപ്പിച്ച് ഒരു സെല്ലിൽ കാണിക്കുന്നതിനുള്ള ഫംങ്ഷൻ.

*(3x2 = 6)*

**Answer any 2 questions from 8 to 10. Each question carries 3 score**

**8 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വീതം**

8. Explain the merits of Computerised Accounting Systems (CAS) over the manual systems of keeping books of accounts in a business.

8. ബിസിനസ്സിൽ അക്കൗണ്ടുകൾ എഴുതി തയാറാക്കുന്നതിനേക്കാൾ കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ മേന്മകൾ വിവരിക്കുക.

9. Explain the three major components of a 'formula' used in Spreadsheets.

9. സ്പ്രെഡ്ഷീറ്റിൽ ഫോർമുലകൾ എഴുതുന്നതിന് ആവശ്യമായ മൂന്ന് പ്രധാന ഘടകങ്ങൾ വിശദമാക്കുക

10. Explain the following terms in relation to Spreadsheets;-

(a) Data Validation (b) Pivot table

(c) Naming of ranges

*(2x3 = 6)*

10. സ്പ്രെഡ്ഷീറ്റുമായി ബന്ധപ്പെട്ട താഴെപറയുന്ന പദങ്ങൾ വിശദമാക്കുക.

(a) ഡേറ്റ വാലിഡേഷൻ

(b) പിവട്ട് ടേബിൾ

(c) റേഞ്ചിന് പേര് നൽകൽ

*(2x3 = 6)*

**Answer the following question which carries 5 score**

താഴെപറയുന്ന ചോദ്യത്തിന് ഉത്തരമെഴുതുക.

5 സ്കോർ

11. Explain the 'Mathematical/Statistical functions' commonly available in Spreadsheet packages.

*(1x5 = 5)*

11. സ്പ്രെഡ്ഷീറ്റ് പാക്കേജുകളിൽ സാധാരണയായി ഉപയോഗിക്കുന്ന മാത്തമെറ്റിക്കൽ/സ്റ്റാറ്റിസ്റ്റിക്കൽ ഫംങ്ഷനുകൾ വിവരിക്കുക.

*(1x5 = 5)*